# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4145** 16.03.2017-ലെ മറുപടി

### വാട്ടർ അതോറിറ്റിയിലെ അംഗീകൃത സംഘടനകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ആന്റണി ജോൺ : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസർമാർക്ക് അംഗീകൃത സംഘടനകൾ ഉണ്ടോ; | എ | ഇല്ല. |
| ബി | ഓഫീസർമാരുടെ സംഘടനകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | ബി | ഗവൺമെന്റ് സർവ്വൻസ് കൊണ്ടക്റ്റ് റൂൾ 1960-ലെ 76 മുതൽ 79 വരെയുള്ള ചട്ടങ്ങളിൽ സർവ്വീസ് ഓർഗനൈസേഷന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പ്രതിപാദിക്കുന്നുണ്ട്. |
| സി | അതോറിറ്റി ഓഫീസർമാർക്കും ഓഫീസർമാരുടെ സംഘടനകൾക്കും 1956-ലെ കൊണ്ടക്റ്റ് റൂൾ ബാധകമാണോ; | സി | ബാധകമാണ്. |
| ഡി | ഓഫീസർമാരുടെ സംഘടനകൾക്ക് അംഗീകാരം നൽകേണ്ടത് ബോർഡാണോ അതോ സർക്കാരാണോ എന്ന് വ്യക്തമാക്കാമോ; ബോർഡാണെങ്കിൽ സംഘടനകൾ പാലിക്കേണ്ട നിബന്ധനകൾ എന്താണ്; | ഡി | ഗവൺമെന്റ് സർവ്വൻസ് കൊണ്ടക്റ്റ് റൂൾ 1960 ചട്ടം 78, 79 പ്രകാരം സർക്കാരാണ് സർവ്വീസ് ഓർഗനൈസേഷന് അംഗീകാരം നൽകേണ്ടത്. ബോർഡിന്റെ ശുപാർശയിന്മേലാണ് സർക്കാർ തീരുമാനം എടുക്കുന്നത്. |
| ഇ | ഓഫീസർമാരുടെ ഏതെങ്കിലും സംഘടന അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | ഇ | ഉണ്ട്. |
| എഫ് | നിലവിൽ ഓഫീസർമാർക്ക് റഫറണ്ടത്തിൽ പങ്കെടുക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഭാവിയിൽ ഓഫീസർമാർക്ക് റഫറണ്ടം നടത്താൻ അനുമതി നൽകുമോ? | എഫ് | നിലവിൽ ഓഫീസർമാർക്ക് റഫറണ്ടത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ല. ഭാവിയിൽ സർക്കാർ ചട്ടങ്ങൾ അനുവദിക്കുകയാണെങ്കിൽ ഓഫീസർമാർക്ക് റഫറണ്ടം നടത്താൻ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ